പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4960 22/05/2017-ൽ മറുപടിക്ക്

## ഗവൺമെന്റ് സ്കൂളുകളിൽ ജോലി ചെയ്യുന്ന എയ്ഡഡ് അദ്ധ്യാപകർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. വീണാ ജോർജ്ജ് : | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) താല്ക്കാലികമായി ഗവൺമെന്റ് സ്കൂളുകളിൽ ജോലി ചെയ്ത് ശമ്പളം പറ്റുന്ന എയ്ഡഡ് അദ്ധ്യാപകരെ ഗവൺമെന്റ് അദ്ധ്യാപകരായാണോ, എയ്ഡഡ് അദ്ധ്യാപകരായാണോ സർക്കാർ പരിഗണിക്കുന്നത്; | (എ) സർക്കാർ സ്കൂളിൽ പുനർവിന്യസിക്കപ്പെടുന്ന എയ്ഡഡ് വിഭാഗത്തിലെ സംരക്ഷിതാദ്ധ്യാപകരെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരായിത്തന്നെയാണ് കണക്കാക്കുന്നത്. |
| (ബി) ഇങ്ങനെ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ നഷ്ടപ്പെട്ട സേവനകാലവും സാമ്പത്തിക ആനുകൂല്യങ്ങളും പുനസ്ഥാപിച്ച് കിട്ടുവാനുള്ള നടപടി സ്വീകരിക്കുമോ?. | (ബി) 29-1-2016-ലെ ജി.ഒ (പി) നം. 29/2016/പൊവിവ പ്രകാരം നടത്തിയ തസ്തിക നിർണ്ണയത്തിന്റെ ഫലമായി 2011-12 മുതൽ സ്കൂളുകളിൽ തസ്തിക നഷ്ടമായ ആരുടെയും ശമ്പളം 31-5-2016 വരെ നൽകാതിരുന്നിട്ടില്ല. സംരക്ഷിതാദ്ധ്യാപകർക്ക് പുനർവിന്യാസത്തീയതി മുതൽ മാത്രമേ ശമ്പളത്തിന് അർഹതയുള്ളുവെന്ന് മേൽപ്പറഞ്ഞ ഉത്തരവിൽ സ്പഷ്ടമാക്കിയിട്ടുണ്ട്. ഇക്കാരണത്താൽ 1-6-2016 മുതൽ പുനർവിന്യസിക്കപ്പെട്ട തീയതിയുടെ തലേദിവസം വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായോ ശൂന്യവേതനാവധിയായോ ക്രമീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ